**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3412** **04-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് എക്സൈസ് കോംപ്ലക്സിന്റെ 3 നില കോൺക്രീറ്റ് കെട്ടിടം പണിയുന്നതിന് ഫൗണ്ടേഷന് ഭാരിച്ച തുകയാകുമെന്നതിനാൽ സ്റ്റീൽ സ്ട്രക്ച്ചറിൽ നിർമ്മാണം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുകയും സ്റ്റീൽ സ്ട്രക്ച്ചറിന്റെ ഉറപ്പ്, ആയത് എത്ര കാലം നിലനിൽക്കും എന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കാലപ്പഴക്കം മൂലം ഏതുനിമിഷവും ഇടിഞ്ഞു വീഴാറായ പ്രസ്തുത ഓഫീസ് അടിയന്തിരമായി പുതുക്കി പണിയാൻ നിർദേശം നൽകുമോ; പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സ്റ്റീൽ സ്ട്രക്ച്ചർ നിർമ്മാണ രീതി അവലംബിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കുട്ടനാട് എക്സൈസ് കോംപ്ലക്സിന്റെ 3 നില കോൺക്രീറ്റ് കെട്ടിടം പണിയുന്നതിന് ഫൗണ്ടേഷന് ഭാരിച്ച തുകയാകുമെന്നതിനാൽ സ്റ്റീൽ സ്ട്രക്ച്ചറിൽ നിർമ്മാണം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുകയും സ്റ്റീൽ സ്ട്രക്ച്ചറിന്റെ ഉറപ്പ്, ആയത് എത്ര കാലം നിലനിൽക്കും എന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ